**24805216**

(Pages : 2)

Reg. No.................................

Name...................................

# FIVE YEAR B.A., LL.B. (HONOURS)/B.Com., LL.B. (HONOURS) DEGREE EXAMINATION, NOVEMBER 2024

**Fourth Semester**

FM 1—Additional Language

Paper I—MALAYALAM

(2022 Admissions—Regular/2018 to 2021 Admissions—Supplementary)

Time : Three Hours

Maximum Marks : 75

## എ വിഭാഗം

I. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

അഭിനയം, സംഭാഷണം എന്നിവയിലൂടെ സമ്പൂർണ്ണമായ ഒരു മനുഷ്യ വ്യാപാരത്തെ പ്രേക്ഷകരിലേക്ക് പകരുന്ന ദൃശ്യകലയാണ് നാടകം. 'ഒരു പൂർണ്ണ ക്രിയയുടെ അനുകരണം' എന്നാണ് നാടകത്തെ അരിസ്റ്റോട്ടിൽ നിർവചിച്ചിരിക്കുന്നത്. കാരണം അതിൽ സാഹിത്യം, സംഗീതം, നൃത്തം, ചിത്രകല എന്നിങ്ങനെ വിഭിന്ന കലകളുടെ സാകല്യം കാണാം. ഡു (Do) എന്ന പദത്തിൽ നിന്നാണ് ഡ്രാമ എന്ന പദത്തിന്റെ ഉല്പത്തി. നാടകത്തെ സമ്പൂർണ്ണമായും ഉൾക്കൊള്ളുന്ന ആംഗലേയപദം തിയേറ്റർ (Theatre) ആണ്. രംഗവേദിയിൽ അവതരിപ്പിക്കുന്ന വൈകാരിക ഭാവങ്ങളോട് പ്രേക്ഷകൻ സംവദിക്കുമ്പോഴാണ് തീയേറ്റർ സമ്പൂർണ്ണമാകുന്നത്. ജനങ്ങളോട് നേരിട്ട് സംവദിക്കുന്ന ഒരു കലയെന്ന നിലയിൽ നാടകത്തിന്റെ ശക്തി വളരെ വലുതാണ്. അതുകൊണ്ടാണ് മറ്റേതൊരു കലയെക്കാളും നാടകം ജനകീയ കലയായി വളർന്നത്. സംഘട്ടനമാണ് നാടക കലയുടെ അടിസ്ഥാന ഘടകം. വികസിതമായ നാടകകല ആദ്യമായി നിലവിൽ വന്ന രാജ്യം പ്രാചീന ഗ്രീസ് ആയിരുന്നു. ബി.സി. 1500 നു മുമ്പു തന്നെ ഗ്രീസിൽ അബിദോസ് പാഷൻ പ്ലേ എന്നറിയപ്പെടുന്ന ഒരു തരം നാടകം അവതരിപ്പിച്ചിരുന്നു. അക്കാലത്ത് ഗ്രീസിൽ പ്രതിഭാശാലികളായ പല നാടകകൃത്തുക്കളും ജീവിച്ചിരുന്നു. നാടകത്തിലെ ഓരോ രംഗവും അവസാനിക്കുമ്പോൾ അതിലെ സംഭവങ്ങളോട് പ്രതികരിച്ചു കൊണ്ട് ഗായകസംഘം വികാരനിർഭരമായ ഗാനങ്ങൾ ആലപിക്കാറുണ്ടായിരുന്നു. ഈ സംഘത്തെ കോറസ് എന്നാണ് പറഞ്ഞിരുന്നത്.

(a) നാടകം എന്നാലെന്ത് ?

(b) കോറസിന്റെ പ്രാധാന്യമെഴുതുക.

(c) നാടകകലയുടെ അടിസ്ഥാന ഘടകമേത് ?

(d) നാടകകല നിലവിൽ വന്ന രാജ്യം ഏതായിരുന്നു ?

(e) നാടകത്തെ ജനകീയ കലയെന്ന് വിശേഷിപ്പിക്കുന്നത് എന്തുകൊണ്ടാണ് ?

(5 × 1 = 5 marks)

II. ഒരു വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ ഉപന്യസിക്കുക :

(a) സാക്ഷരതാ പ്രസ്ഥാനം.

(b) ജനപ്രിയ സിനിമ.

(1 × 10 = 10 marks)

III. മനുഷ്യാവകാശങ്ങളെ സംബന്ധിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാന് ഒരു കത്ത് തയ്യാറാക്കുക.

(1 × 10 = 10 marks)

## ബി വിഭാഗം

IV. (a) ഉത്രം മുതൽ 12 നക്ഷത്രങ്ങൾ ക്രമത്തിലെഴുതുക. (4 marks)

(b) ജനുവരി മുതൽ ഡിസംബർ വരെയുള്ള മാസങ്ങൾ ക്രമത്തിലെഴുതുക. (3 marks)

V. ചുവടെ തന്നിരിക്കുന്ന തീയതികൾ മലയാള അക്കത്തിൽ എഴുതുക :

(a) 8 – 12 – 2024.

(b) 3 – 8 – 2000.

(c) 4 – 7 – 2019.

(3 marks)

VI. തിഥി എന്നാലെന്ത് ? ഏതെല്ലാം ? (5 marks)

VII. മഹാവാക്യം എന്നാലെന്ത് ? ഉദാഹരണമെഴുതുക. (4 marks)

VIII. പൂർണ്ണവിരാമം, അർദ്ധവിരാമം എന്നിവ ഉദാഹരണസഹിതം എഴുതുക. (4 marks)

IX. ആഖ്യാനം ചെയ്യുക :

സുനിൽ : നിങ്ങളുടെ നാട്ടിൽ വെള്ളപ്പൊക്കത്തിന്റെ പ്രശ്നങ്ങൾ ഉണ്ടോ ?

അശോകൻ : ഇപ്പോൾ പ്രശ്നമൊന്നുമില്ല. നേരത്തെ ഉണ്ടായിരുന്നു. (2 marks)

X. ഏതെങ്കിലും **അഞ്ച്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

(a) എഴുത്തച്ഛന്റെ കാവ്യസങ്കല്പം പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

(b) കൃഷിക്കാരൻ എന്ന കഥയുടെ സമകാല പ്രസക്തി എഴുതുക.

(c) മലയാള കവിതയിലെ പൊട്ടിച്ചിരിയാണ് നമ്പ്യാർ – വിലയിരുത്തുക.

(d) വൈക്കം മുഹമ്മദ് ബഷീറിന്റെ കഥാലോകം പൂവമ്പഴം എന്ന കഥയെ ആസ്പദമാക്കി വിവരിക്കുക.

(e) മലയാള കവിതാ സാഹിത്യ ചരിത്രത്തെ പരിചയപ്പെടുത്തുക.

(f) രാച്ചിയമ്മ എന്ന കഥയിലെ സ്ത്രീപക്ഷ സമീപനം വിലയിരുത്തുക.

(g) കൃഷ്ണഗാഥയിലെ അലങ്കാര സങ്കല്പം പാഠഭാഗത്തെ ആസ്പദമാക്കി എഴുതുക.

(5 × 5 = 25 marks)